## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 488

11.06.2013-ലെ മറുപടിയ്ക്ക്

### വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>സഹകരണ വിജിലൻസ് ആഫീസർക്ക് അന്വേഷണത്തിനായി നൽകിയിരുന്ന പരാതികളിൽ ഭൂരിഭാഗം അന്വേഷണ റിപ്പോർട്ടുകളും അവ്യക്തവും അപൂർണ്ണമായ നിഗമനങ്ങളും തുടർ അന്വേഷണം നടത്തുന്നതിന് തങ്ങൾക്ക് അധികാരമില്ലെന്ന നിലപാടും രണ്ടിൽ കൂടുതൽ വർഷമെടുത്ത് അന്വേഷണം നടത്തിയ ശേഷം കേസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉൾപ്പടെയുള്ള മറ്റ് ഏജൻസികൾക്ക് വിടേണ്ടതാണെന്ന പല റിപ്പോർട്ടുകളിലേയും ശുപാർശകളും ആക്ഷേപത്തിന് വഴിവെച്ചിട്ടുണ്ട്. |
| (ബി) സഹകരണ വിജിലൻസ് വിഭാഗം പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽ നിന്നും വിഭിന്നമായതിനാൽ നിരന്തരമായ പരിശോധനകളും അന്വേഷണങ്ങളും നടത്തിക്കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതികളും തടയുവാൻ കഴിയുകയുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സഹകരണ വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ടി വിഭാഗം പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുകയാണ്. |

| | |
|---|---|
| (സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്? | (സി) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ നിലവിലുള്ള സംവിധാനം താഴെപ്പറയും പ്രകാരമാണ്. |

**1. <u>ആസ്ഥാന ആഫീസ്</u>**

| | |
|---|---|
| ഡി.ഐ.ജി | - 1 |
| ജോയിന്റ് രജിസ്ട്രാർ | - 1 |
| സീനിയർ ഇൻസ്പെക്ടർ | - 2 |
| സിവിൽ പോലീസ് ഓഫീസർ | -3 |
| ശിപായി | - 2 |
| **ആകെ** | **- 9** |

**2. <u>മൂന്ന് മേഖലാ ഓഫീസുകൾ</u>**

(ദക്ഷിണ മേഖല, മദ്ധ്യമേഖല, ഉത്തര മേഖല) ഈ മൂന്ന് മേഖല ആഫീസുകളിലുമായി

| | |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ | - 3 |
| ഡി.വൈ.എസ്.പി | -3 |
| സർക്കിൾ ഇൻസ്പെക്ടർ | -3 |
| കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ | -6 |
| സിവിൽ പോലീസ് ഓഫീസർ | -9 |
| ശിപായി | -6 |
| **ആകെ** | **- 30** |

ആസ്ഥാന ആഫീസിലും 3 സോണൽ ആഫീസുകളിലും കൂടി ആകെ 39 സ്ഥിരം ജീവനക്കാരും ഇവരെ കൂടാതെ ദിവസവേതന അടിസ്ഥാനത്തിൽ 8 ഡ്രൈവർമാരും ഉൾപ്പെടെ 47 ജീവനക്കാർ നിലവിൽ സഹകരണ വിജിലൻസ് സംവിധാനത്തിൽ സേവനം അനുഷ്ഠിക്കുന്നു.

സെക്ഷൻ ഓഫീസർ